## 5. ശാഠ്യം

ശാഠ്യം നല്ലതല്ല. ശാഠ്യവും ദുർവാശിയും നമുക്ക്
ഒരുതരത്തിലും ഉപകാരപ്പെടുകയില്ല.
മന്നുവിനെ ഗതി നോക്കൂ.

ഒരു കർഷകന് രണ്ട് മക്കളുണ്ടായിരുന്നു. ചിന്നു. മന്നു. രണ്ടുപേരും നല്ല മിടുക്കന്മാരായിരുന്നു. മാതാപിതാക്കൾക്കും അവരെ ഏറെ ഇഷ്ടമായിരുന്നു. എന്നാൽ ഇളയ കുട്ടിയായതിനാൽ മന്നുവിനെ കുറേ ലാളിച്ചാണ് അവർ വളർത്തിയിരുന്നത്. അവനാകട്ടെ വലിയ ശാഠ്യക്കാരനുമായിരുന്നു.



"നിന്നെക്കൊണ്ട് ഞാൻ തോറ്റു. എവിടന്ന് കിട്ടിയതാ നിനക്ക് ഈ ശാഠ്യം? അത് നല്ലതല്ല." അവന്റെ അമ്മ അവനോട് എപ്പോഴും പറയുമായിരുന്നു.

ദുശ്ശാഠ്യം കാരണം അവനെ മറ്റു കുട്ടികൾ തങ്ങളോടൊപ്പം കളിക്കാൻ അനുവദിച്ചിരുന്നില്ല. കാരണം, അവൻ പെട്ടെന്ന് വാശിപിടിച്ച് പിണങ്ങുകയും കളി തടസ്സപ്പെടുത്തുകയും ചെയ്യുമായിരുന്നു.



ഒരിക്കൽ അവരുടെ അച്ഛൻ രണ്ടുപേരോടും പറഞ്ഞു: "നാളെ നമുക്ക് പാടത്തേക്ക് പോകണം. നമുക്കവിടെ പച്ചക്കറികൾ ഉണ്ടാക്കാം." അവരെല്ലാ വരുംഅതിന് സമ്മതിച്ചു.

പിറ്റേ ദിവസം അവർ തങ്ങളുടെ വയലിലേക്ക് പോയി. പലതരം പച്ചക്കറികൾ അവരതിൽ നട്ടുപിടിപ്പിച്ചു. ജോലിയെല്ലാം തീർന്നപ്പോൾ ചിന്നു ചില തൈകളെടുത്ത് ഒരിടത്ത് കുഴിച്ചിട്ടു. എന്നിട്ട് അവൻ അച്ഛനോട് പറഞ്ഞു: "അച്ഛാ, ഇത് എന്റെതാണ്."

"അത് നിന്റേത് തന്നെ. ഇനിയും വേണമെങ്കിൽ എടുത്തോളൂ." അദ്ദേഹം അവനെ പ്രോത്സാഹിപ്പിച്ചു.

വയലിനോട് ചേർന്ന് വലിയ ഒരു തോടുണ്ടായിരുന്നു. മന്നു കുറച്ച് തൈകളെടുത്ത് തോട്ടുവക്കിൽ നട്ടുപിടിപ്പിച്ചു. അതുകണ്ട് അവന്റെ അച്ഛൻ പറഞ്ഞു: "മോനെ, അത് ആളുകൾ നടക്കുന്ന വഴിയാണ്. അവിടെ ഒന്നും കുഴിച്ചിടരുത്."

"ഇത് നമ്മുടെ സ്ഥലമല്ലേ അച്ഛാ?"

"അതെ. എന്നാലും ആളുകൾ നടക്കുന്ന വഴിയല്ലേ? അത് മുടക്കാൻ പാടില്ല. അവരതിലൂടെ നടന്ന് നിന്റെ തൈകളെല്ലാം കേടുവരും. മഴ വന്നാൽ തോട്ടിൽ വെള്ളം ഉയർന്ന് അതൊക്കെ ഒഴുകിപ്പോകുകയും ചെയ്യും. അത് മാറ്റി നട്ടേക്ക്."

മന്നു അതനുസരിച്ചില്ല. എത്ര നിർബന്ധിച്ചിട്ടും അവൻ വഴങ്ങിയില്ല. "ഞാൻ മാറ്റുന്നില്ല. ആളുകൾ ഇതിലെ വഴി നടക്കേണ്ട. ഞാൻ വേലി കെട്ടും. വെള്ളം കയറിയാലൊന്നും എന്റെ കൃഷി നശിക്കുകയില്ല." അവൻ വാശിയോടെ പറഞ്ഞു. കൂടുതൽ ഒന്നും പറയാതെ അവർ വീട്ടിലേക്ക് തിരിച്ചുപോയി.



അല്പം ദിവസം കഴിഞ്ഞപ്പോൾ കാലാവസ്ഥ മാറി. മാനത്ത് കാർമേഘം അടിഞ്ഞു കൂടി. പതിവിലും നേരത്തെ മഴയാരംഭിച്ചു. അച്ഛൻ അവരോട് പറഞ്ഞു: "നമുക്ക് പാടത്ത് പോകണം. കൃഷിതൈകൾ മാറ്റി കുഴിച്ചിടാം. ഇല്ലെങ്കിൽ അവ നശിക്കും."

മൂവരും വയലിലേക്ക് പോയി. തോട്ടിൽ കലക്ക്വെള്ളം ധാരാളം ഉണ്ടായിരുന്നു.

തൈകളെല്ലാം അവർ സൂക്ഷിച്ച് പറിച്ചെടുത്തു മറ്റൊരു സ്ഥലത്ത് നട്ടു. ചിന്നു തന്റെ തൈകളൊക്കെ പറിച്ചെടുത്ത് വേറെ സ്ഥലത്ത് നട്ടു. മന്നുവിനോടും അതുപോലെ ചെയ്യാൻ അവൻ പറഞ്ഞു. പക്ഷേ, മന്നു വഴങ്ങിയില്ല. അച്ഛനും അവനോട് തൈ

കൾ പറിച്ചെടുക്കാൻ കല്പിച്ചു. അവൻ വഴങ്ങിയില്ല.

"മഴ വന്നാലൊന്നും എൻെറ കൃഷി നശിക്കില്ല." അവൻ വാശിപിടിച്ചു.

"കാണാം. അപ്പോൾ നീ ഖേദിക്കും." അഛൻ അവനോട് പറഞ്ഞു.

മഴ പിന്നെയും തുടർന്നു. തോട്ടിൽനിന്ന് വെള്ളം വയലിലേക്കൊഴുകി. വയലിൽ വെള്ളം നിറഞ്ഞു.

മഴ കുറഞ്ഞതോടെ മൂവരും തങ്ങളുടെ കൃഷിയിടം കാണാൻ പോയി. തൈകളെല്ലാം തഴച്ചു വളരാൻ തുടങ്ങിയിരുന്നു. ചിന്നു നട്ടതും നന്നായി വളർന്നിരുന്നു.

മന്നുവിൻെറ കൃഷിയെല്ലാം ഒഴുകിപ്പോയിരുന്നു. ചിന്നു മെല്ലെ അവൻെറ മുഖത്തേക്ക് നോക്കി. അവൻ തൻെറ കൃഷിയിലേക്ക് നോക്കിനില്ക്കുകയായിരുന്നു. അവൻെറ കണ്ണുകൾ നിറഞ്ഞത് ചിന്നു കണ്ടു. അവനത് മെല്ലെ അഛന് കാണിച്ചുകൊടുത്തു. അഛൻ അവനെ തന്നോട് ചേർത്തുപിടിച്ചിട്ടു പറഞ്ഞു:

"ഇനി കരഞ്ഞിട്ട് കാര്യമില്ല മന്നൂ. ശാഠ്യം ഒന്നിനും നല്ലതല്ല. അത് അപകടം മാത്രമേ ചെയ്യുകയുള്ളൂ. വിനയവും അനുസരണവുമാണ് വിജയവും സന്തോഷവും ഉണ്ടാക്കുകയുള്ളൂ."